**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5096** | **11-08-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നത് വഴി പൊതുജനങ്ങൾക്ക് അധികമായി ലഭിക്കുന്ന മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വകുപ്പുതല ഏകോപനവും, പദ്ധതി സംയോജനവും, നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതു ജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണ നിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്. വ്യത്യസ്തമായി നിൽക്കുന്ന അഞ്ചു വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണരംഗത്തും ആസൂത്രണത്തിലും ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചു കൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതോടെ ഇത് സാധ്യമാവും. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കുന്നതിനും കഴിയും. |
| (ബി) | പൊതു സർവ്വീസ് നടപ്പാക്കി കഴിഞ്ഞാൽ | (ബി) | വിവിധ വകുപ്പുകളിൽ നിന്ന് കൈമാറി കിട്ടിയ |

| | | | |
|---|---|---|---|
| | ഏതൊക്കെ നിർവഹണ ഉദ്യോഗസ്ഥൻമാരാണ് എക്സ് ഒഫീഷ്യോ സെക്രട്ടറിമാർ എന്ന നിലയിൽ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കുമോ; | | ഉദ്യോഗസ്ഥരെ എക്സ് ഒഫിഷ്യോ സെക്രട്ടറിമാരായി നിയമിക്കാമെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 179 (11) വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 48 (13) വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ ഹൈറാർക്കിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉദ്യോഗസ്ഥരിൽ അധികാര കേന്ദ്രീകരണം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | വിശേഷാൽ ചട്ടങ്ങളും പ്രവർത്തന മാർഗനിർദ്ദേശങ്ങളും പ്രകാരമാണ് ഉദ്യോഗസ്ഥരുടെ വിന്യാസവും ചുമതലകളുമുണ്ടാവുക. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുത്ത സമിതികൾക്കാണ് ഭരണ അധികാരം. |
| (ഡി) | തദ്ദേശ അധ്യക്ഷൻമാർക്ക് വിവിധ നിർവഹണ ഉദ്യോഗസ്ഥൻമാരുമായി നേരിട്ടും കൂടുതൽ ഫലവത്തായും ഇടപെടുന്നതിന് തദ്ദേശ പൊതു സർവ്വീസ് ഏതു തരത്തിലാണ് സഹായിക്കുക എന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ? | (ഡി) | ത്രിതലപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിലായിത്തീരുന്നതോടെ എല്ലാ തദ്ദേശ സ്ഥാപന അധ്യക്ഷന്മാർക്കും ഇവരുമായി വകുപ്പ് ഭേദമില്ലാതെ ഇടപ്പെടാൻ കഴിയുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കുന്നതിനും കഴിയും. |

സെക്ഷൻ ഓഫീസർ